# ഞെട്ടിപ്പിക്കുന്ന വസ്തുതകൾ (നഗ്നസത്യം)

സ്വർഗ്ഗസ്ഥനായ പിതാവിന് ഒരു പേരുണ്ടെന്ന് നിങ്ങൾക്കറിയാമോ? പ്രപഞ്ചത്തിന്റെ സ്രഷ്ടാവിന്റെ പേര് പുരാതന ബൈബിൾ കയ്യെഴുത്തുപ്രതികളിൽ 6,823 തവണ കാണപ്പെടുന്നു, എന്നിട്ടും അത് ഉപയോഗിക്കാൻ കഴിയാത്തത്ര വിശുദ്ധമാണെന്ന് വിശ്വസിച്ച് ബൈബിൾ വിവർത്തകർ അത് മറച്ചുവെച്ചു എന്നതാണ് അതിശയിപ്പിക്കുന്ന സത്യം. എന്നാൽ സ്രഷ്ടാവിന്റെ ഒരേയൊരു യഥാർത്ഥ, വ്യക്തിപരമായ നാമവും നമ്മുടെ രക്ഷക്കായി ഒരുക്കിയ തന്റെ പുത്രന്റെ നാമവും കണ്ടെത്തി ഉപയോഗിക്കുവാനും ബൈബിൾ നിങ്ങളെ വെല്ലുവിളിക്കുന്നു!

നിങ്ങളുടെ ബൈബിളിന്റെ പേജുകളിൽ നിന്നുതന്നെ പേരിനെക്കുറിച്ചുള്ള ചില ഞെട്ടിപ്പിക്കുന്ന വസ്തുതകൾ വായിക്കുക.

## ബൈബിളിൽ നിന്ന്

*“സ്വർഗ്ഗത്തിൽ കയറുകയും ഇറങ്ങിവരികയും ചെയ്തവൻ ആർ? കാറ്റിനെ തന്റെ മുഷ്ടിയിൽ പിടിച്ചടക്കിയവൻ ആർ? വെള്ളങ്ങളെ വസ്ത്രത്തിൽ കെട്ടിയവൻ ആർ? ഭൂമിയുടെ അറുതികളെയൊക്കെയും നിയമിച്ചവൻ ആർ? അവന്റെ പേരെന്തു? അവന്റെ മകന്റെ പേർ എന്തു? നിനക്കറിയാമോ?”* സദൃശവാക്യങ്ങൾ 30:4

*ഞാൻ യാഹ്‌വെ അതുതന്നേ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തന്നും വിട്ടു കൊടുക്കുകയില്ല, എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല.* യെശയ്യാ 42:8

*“ദൈവത്തിന്നു പാടുവിൻ, തന്റെ നാമത്തിന്നു സ്തുതി പാടുവിൻ; മരുഭൂമിയിൽകൂടി വാഹനമേറി വരുന്നവന്നു വഴി നിരത്തുവിൻ; യാഹ് എന്നാകുന്നു തന്റെ നാമം; തന്റെ മുമ്പിൽ ഉല്ലസിപ്പിൻ.”* സങ്കീർത്തനങ്ങൾ 68:4

(*“യാഹ്”* എന്നത് *“ഹല്ലേലൂയാഹ്”* എന്ന വാക്കിന്റെ അവസാന ഭാഗമാണ്. ഹല്ലേലൂയാഹ് എന്ന പദം ഏറ്റവും പുരാതനമായ സ്തുതി വാക്കുകളും അതിന്റെ അർഥം *“യാഹ്‌വെയ്ക്ക് സ്തുതി”* എന്നുമാണ് ".)

*“നിന്റെ ദൈവമായ യാഹ്‌വെയുടെ നാമം വൃഥാ എടുക്കരുതു; തന്റെ നാമം വൃഥാ എടുക്കുന്നവനെ യാഹ്‌വെ ശിക്ഷിക്കാതെ വിടുകയില്ല.”* പുറപ്പാട്ട് 20:7 (ഇത് മൂന്നാമത്തെ കൽപ്പന ആകുന്നു).

*“എന്റെ നാമത്തെക്കൊണ്ടു കള്ളസ്സത്യം ചെയ്തു നിന്റെ ദൈവത്തിന്റെ നാമത്തെ അശുദ്ധമാക്കരുതു; ഞാൻ യാഹ്‌വെ ആകുന്നു.”* ലേവ്യപുസ്തകം 19:12

## ബൈബിൾ വിവർത്തകരിൽ നിന്നും പണ്ഡിതന്മാരിൽ നിന്നും:

**മൊഫാറ്റ് വിവർത്തനത്തിന്റെ** ആമുഖത്തിൽ (പേജ്.20–21), ജെയിംസ് മൊഫാറ്റ് ഈ കാര്യം വ്യക്തമാക്കുന്നു. യഥാർത്ഥ തിരുവെഴുത്തുകൾ പഠിക്കുന്നവരെ ഉദ്ദേശിച്ചുള്ള തന്റെ വിവർത്തനത്തിൽ യാഹ്‌വെ എന്ന നാമം ഉപയോഗിക്കുന്നതിന് തനിക്കു ഒരു മടിയുമില്ല.

**ഗുഡ്സ്പീഡ് വിവർത്തനത്തിന്റെ** ആമുഖത്തിൽ നാം കാണുന്നു: "എബ്രായർ അവരുടെ ദൈവത്തെ വിളിച്ചത് യാഹ്‌വെ എന്നാണ്, ചുരുക്ക രൂപത്തിൽ യാഹ്.” ഈ വിവർത്തകർ യാഹ്‌വെ എന്ന പേരിനു പകരം വേറെ പേര് ഉപയോഗിക്കുന്നതായി സമ്മതിക്ക്ന്നു.

ദി **റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ** പുറപ്പാട് 3:15–ൽ പറയുന്നു, "ലോർഡ് (LORD)എന്ന വാക്ക് ഉച്ചരിക്കുമ്പോൾ വലിയ അക്ഷരങ്ങൾ YHWH എന്ന ദൈവിക നാമത്തെ സൂചിപ്പിക്കുന്നു, അത് ഇവിടെ "ഹയാ ആകും" എന്ന ക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു.”

ദി **ന്യൂ കാത്തലിക് ബൈബിളിൽ** (കാത്തലിക് ബൈബിൾ പ്രസ്സ്), പുറപ്പാട് 3:14–ൽ, ഇപ്രകാരം പറയുന്നു: “ ‘ഞാൻ ആകുന്നവൻ ഞാൻ ആകുന്നു’ എന്ന പദങ്ങളിൽ നിന്നുമാണ് യാഹ്‌വെ എന്ന നാമത്തിന്റെ ഉത്ഭവം. ഇസ്രായേലിന്റെ ദൈവത്തിന്റെ ശരിയായ, വ്യക്തിപരമായ പേര് ഇതുതന്നെ ആകുന്നു... ഈ പേരിനോടുള്ള ബഹുമാനാർത്ഥം 'അഡൊനായി ', 'എന്റെ കർത്താവ് (മൈ ലോർഡ് )' എന്ന പദങ്ങൾ പകരമായി ഉപയോഗിച്ചിരുന്നു. ഇപ്പോഴുള്ള പതിപ്പുകളിൽ ‘കർത്താവ്’ എന്ന വാക്ക് ഈ പരമ്പരാഗത ഉപയോഗത്തെ പ്രതിനിധീകരിക്കുന്നു. നിലവിലെ എബ്രായ ഭാഷയിൽ എഴുതിയിരിക്കുന്ന ഈ പേരിന്റെ തെറ്റായ പ്രയോഗത്തിൽ നിന്നാണ് യഹോവ എന്ന വാക്ക് ഉണ്ടായത്.

ഗാർഡൻ സിറ്റി പബ്ലിഷിംഗ് കമ്പനി പ്രസിദ്ധീകരിച്ച **ഇന്റർനാഷണൽ ബൈബിൾ എൻസൈക്ലോപീഡിയ ഓഫ് ദി കിംഗ് ജെയിംസ്** പതിപ്പിൽ, "ജെഹോവ (യഹോവ)" എന്ന ശീർഷകത്തിന് കീഴിൽ പറയുന്ന കാര്യം ഇവിടെ ശ്രദ്ധയിൽ പെടുത്തുന്നു: "ഈ വാക്കിന്റെ ശരിയായ ഉച്ചാരണം 'യാഹ്‌വെ' ആണെന്ന് വിശ്വസിക്കപ്പെടുന്നു."

**ജ്യൂവിഷ് എൻസൈക്ലോപീഡിയ** (വാല്യം 7, പേജ്.88) ഈ വെളിപ്പെടുത്തുന്ന പ്രസ്താവനയുണ്ട്: "യഹോവ എന്ന് വായിക്കുന്നത് താരതമ്യേന സമീപകാല കണ്ടുപിടുത്തമാണ്. യഹോവ എന്ന പേര് പത്താം ലിയോ മാർപ്പാപ്പയുടെ കണ്ടുപിടുത്തം ആയിരുന്നു എന്നാണ് പൊതുവെ കരുതപ്പെടുന്നത്, പീറ്റർ ഗലാറ്റിൻ (ഡി ആർക്കാനിസ് കാത്തലിക് വെരിറ്റീസ് 1518, ഫോളിയോ XLIII), ഫാജിയസ് ഡ്രൂസിയസ് ഈ ഹൈബ്രിഡ് രൂപത്തിന്റെ ഉപയോഗത്തിൽ പിന്തുടർന്നു."

**എ ന്യൂ സ്റ്റാൻഡേർഡ് ബൈബിൾ ഡിക്ഷ്ണറി** പ്രസ്താവിക്കുന്നു, "ജെഹോവ (യഹോവ) ...ശരിയായ പേര് യാഹ്‌വെ ... ഹീബ്രു വോക്കലൈസേഷന്റെ കർശനമായ തത്ത്വങ്ങൾ അനുസരിച്ച് 'യഹോവ അസാധ്യമാണ്." (യഥാർത്ഥ ഹീബ്രുവിലോ ഗ്രീക്കിലോ 'ജെ' എന്ന അക്ഷരമില്ല)

സ്ക്രിപ്ചർ റിസർച്ച് അസോസിയേഷൻ പ്രസിദ്ധീകരിച്ച **ഹോളി നെയിം ബൈബിളിന്റെ** ആമുഖത്തിൽ എപ്രകാരം എഴുതിയിരിക്കുന്നു: "മിക്ക വിവർത്തകരുടെ ഇടയിലും പൊതുവായുള്ള മറ്റൊരു തെറ്റ്, അത്യുന്നതനായ യാഹ്‌വെ എന്ന സ്വർഗ്ഗത്തിന്റെ വെളിപ്പെടുത്തിയ നാമവും തന്റെ പുത്രൻ യാഹ്ശുവ മിശിഹായുടെ നാമവും ഉന്മൂലനം ചെയ്തു എന്നുള്ളതാണ്. തന്നെയുമല്ല, പുറപ്പാട് 20:7, 23:13 എന്നിവയിൽ നൽകിയിരിക്കുന്നതുപോലെ യാഹ്‌വെയുടെ കൽപ്പനകളെ വ്യക്തമായി ലംഘിച്ചുകൊണ്ട്, അവരുടെ മധ്യത്തിൽ ഉണ്ടായിരുന്ന ജനതകളുടെ പ്രാദേശിക ദൈവങ്ങളുടെ പേരുകളാൽ യാഹ്‌വെയുടെയും യാഹ്ശുവയുടെയും യഥാർത്ഥ പേരുകൾ മാറ്റി സ്ഥാപിച്ചു (സങ്കീർത്തനം 96:5).

"യാഹ്‌വെ, യാഹ്ശുവ എന്നീ ശരിയായ പേരുകൾ ജാതികളുടെ പുറജാതീയ ദൈവങ്ങളുടെ പേരുമായി മാറ്റിസ്ഥാപിച്ചതു അളവറ്റ ദോഷം വരുത്തി. ഈ പേരുകൾ ഉപയോഗിച്ചുകൊണ്ട് അറിയാതെതന്നെ യാഹ്‌വെയുടെ ആരാധനയെ വിഗ്രഹാരാധന ആക്കി മാറ്റുകയും യഥാർത്ഥത്തിൽ ഇസ്രായേലിന്റെ ശക്തനായ ദൈവത്തിന്റെ ദയയുള്ള സ്വഭാവവിശേഷങ്ങൾ പുറജാതീയ ദൈവങ്ങൾക്ക് തുല്യമായി ആക്ഷേപിക്കപ്പെടുകയും ചെയ്തു (ഹോശേയ 2:8)".

ഈ ഉറവിടത്തിന്റെ ഏഴാം പേജിൽ നാം വായിക്കുന്നു, "തന്റെ നാമത്തിനു രണ്ട് ഭാഗങ്ങൾ ഉൾക്കൊള്ളുന്നു: യാഹ്-ഹോഷുവ (രക്ഷകൻ). അങ്ങനെ, യാഹ്ശുവ എന്ന സങ്കോചം യഹോവ-രക്ഷകൻ എന്ന് സൂചിപ്പിക്കുകയും, മത്തായി 1:21-ന്റെ യുക്തിയെ ശ്രദ്ധേയമായി പുറത്തു കൊണ്ടുവരികയും ചെയ്യുന്നു."

## പൊതു മതേതര ഉറവിടങ്ങളിൽ നിന്ന്:

**ഓക്സ്ഫോർഡ് സൈക്ലോപീഡിക് കോൺകോർഡൻസിൽ** നിന്ന് പേജ് 121-ൽ എപ്രകാരം എഴുതിയിരിക്കുന്നു: "ഹോരേബിൽ വെച്ച് മോശയ്ക്ക് വെളിപ്പെടുത്തിയ പേര് യഹോവ... അതിന്റെ യഥാർത്ഥ ഉച്ചാരണം യാഹ്‌വെ എന്നാണ്. 16-ാം നൂറ്റാണ്ടിനുമുമ്പ് ഈ പേര് യഹോവ എന്ന് ഉച്ചരിച്ചിരുന്നില്ല."

**എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക** (മൈക്രോപീഡിയ, വാല്യം. 10): "നവോത്ഥാന-നവീകരണ കാലഘട്ടങ്ങൾക്ക് ശേഷം ക്രിസ്ത്യൻ പണ്ഡിതന്മാർ YHWH എന്നതിന് യഹോവ എന്ന പദം ഉപയോഗിച്ചിരുന്നെങ്കിലും, 19-ഉം 20-ഉം നൂറ്റാണ്ടുകളിൽ ബൈബിൾ പണ്ഡിതന്മാർ വീണ്ടും യാഹ്‌വെ എന്ന രൂപം ഉപയോഗിക്കാൻ തുടങ്ങി. രണ്ടാം നൂറ്റാണ്ടിലെ അലക്സാണ്ട്രിയയിലെ ക്ലെമന്റ് പോലെയുള്ള ആദ്യകാല ക്രിസ്ത്യൻ എഴുത്തുകാർ യാഹ്‌വെ എന്ന രൂപം ഉപയോഗിച്ചിരുന്നു, അതിനാൽ ചതുരക്ഷര വ്യാകരണത്തിന്റെ ഈ ഉച്ചാരണം യഥാർത്ഥത്തിൽ ഒരിക്കലും നഷ്ടപ്പെട്ടില്ല. Yhwh എന്നത് Yahweh എന്ന് ഉച്ചരിക്കണമെന്ന് ഗ്രീക്ക് ട്രാൻസ്ക്രിപ്ഷനുകളും സൂചിപ്പിച്ചിരുന്നു."

**വെബ്സ്റ്റർസ് ന്യൂ വേൾഡ് ഡിക്ഷണറി** – "യാഹ്‌വെ...പഴയ നിയമത്തിലെ ഹീബ്രു നാമത്തിന്റെ ഒരു രൂപം. ടെട്രാഗ്രാമറ്റൺ കാണുക."

**ദി ന്യൂ അമേരിക്കൻ എൻസൈക്ലോപീഡിയ** 'യഹോവ' എന്ന വിഷയത്തിന്റെ കീഴിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു, "(ശരിയായ പേര് യാഹ്‌വെ) എന്ന നാമം ഇസ്രായേലിന്റെ [ശക്തനായവൻ] എന്നാകുന്നു, ഹീബ്രു ഭാഷയുടെ തെറ്റായ ഉച്ചാരണം ആയി YHWH ഇപ്പോൾ പരക്കെ കണക്കാക്കപ്പെടുന്നു."

## ബൈബിളിൽ നിന്ന് യാഹ്‌വെയുടെ നാമത്തെ കുറിക്കുന്ന കൂടുതൽ കാര്യങ്ങൾ

*“ഞാൻ നിങ്ങളോടു കല്പിച്ച എല്ലാറ്റിലും സൂക്ഷ്മതയോടിരിപ്പിൻ; അന്യ ദൈവങ്ങളുടെ നാമം കീർത്തിക്കരുതു; അതു നിന്റെ വായിൽനിന്നു കേൾക്കയും അരുതു.”* പുറപ്പാട്ട് 23:13

*“നമ്മുടെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യാഹ്‌വെയുടെ നാമത്തിൽ ഇരിക്കുന്നു.”* സങ്കീർത്തനങ്ങൾ 124:8

*“ആകാശത്തിൽ തന്റെ മാളികമുറികളെ പണിയുകയും ഭൂമിയിൽ തന്റെ കമാനത്തിന്നു അടിസ്ഥാനം ഇടുകയും സമുദ്രത്തിലെ വെള്ളത്തെ വിളിച്ചു ഭൂതലത്തിൽ പകരുകയും ചെയ്യുന്നു; യാഹ്‌വെ എന്നാകുന്നു തന്റെ നാമം.”* ആമോസ് 9:6

*“തന്റെ നാമം എന്നേക്കും ഇരിക്കും; തന്റെ നാമം സൂര്യൻ ഉള്ളേടത്തോളം നിലനില്ക്കും; മനുഷ്യർ തന്റെ പേർ ചൊല്ലി അന്യോന്യം അനുഗ്രഹിക്കും; സകലജാതികളും തന്നെ ഭാഗ്യവാൻ എന്നു പറയും.”* സങ്കീർത്തനങ്ങൾ 72:17

*“കാർത്തികയെയും മകയിരത്തെയും സൃഷ്ടിക്കയും അന്ധതമസ്സിനെ പ്രഭാതമാക്കി മാറ്റുകയും പകലിനെ രാത്രിയാക്കി ഇരുട്ടുകയും സമുദ്രത്തിലെ വെള്ളത്തെ വിളിച്ചു ഭൂതലത്തിൽ പകരുകയും ചെയ്യുന്നവനെ അന്വേഷിപ്പിൻ; യാഹ്‌വെ എന്നാകുന്നു തന്റെ നാമം.”* ആമോസ് 5:8

*“അന്നാളിൽ നിങ്ങൾ പറയുന്നതു: യാഹ്‌വെക്കു സ്തോത്രം ചെയ്‌വിൻ; തന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ തന്റെ പ്രവൃത്തികളെ അറിയിപ്പിൻ; തന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ.”* യെശയ്യാ 12:4

*“... യാഹ്‌വെയായ ഞാൻ നിന്റെ രക്ഷിതാവും യാക്കോബിന്റെ വീരൻ നിന്റെ വീണ്ടെടുപ്പുകാരനും ആകുന്നു എന്നു സകലജഡവും അറിയും.”* യെശയ്യാ 49:26

*“അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യാഹ്ശുവ എന്നു പേർ ഇടേണം എന്നു പറഞ്ഞു.”* മത്തായി 1:21

യോഹന്നാൻ 5:43-ൽ യാഹ്ശുവ പറഞ്ഞു, *“ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു,”* കുടുംബനാമം യാഹ് എന്നാണ്. യാഹ്‌വെ, യാഹ്ശുവ എന്നീ രണ്ട് പേരുകളിലും "യാഹ് " എന്ന പേര് കാണപ്പെടുന്നു. ഏലിയാവിനെപ്പോലുള്ള നിരവധി ബൈബിൾ പ്രവാചകന്മാരുടെ പേരുകളിൽ "യാഹ് " എന്ന പേര് ഉൾകൊള്ളുന്നു (കൂടുതൽ ശരിയായി, " യാഹ് എന്റെ ശക്തൻ" എന്നർത്ഥം വരുന്ന ഏലി യാഹ് "); യെശയ്യാവ്, , ഓബദ്യാവ്, സെഫനിയാ, സക്കറിയ എന്നിവരുടെ പേരിന്റെ അവസാനം "യാഹ് " എന്ന ശബ്ദത്തിലാകുന്നു.

*“അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നല്കി; അങ്ങനെ യാഹ്ശുവയുടെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും “യാഹ്ശുവ മിശിഹാ യജമാനൻ” എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും.* ഫിലിപ്പിയർ 2:9-11

*“മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല.”* പ്രവൃത്തികൾ 4:12

*“യാഹ്ശുവയിൽ വിശ്വസിക്കുന്ന ഏവന്നും തന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു.”* പ്രവൃത്തികൾ 10:43

*“യാഹ്‌വെയുടെ കല്പനയോ, തന്റെ പുത്രനായ യാഹ്ശുവ മിശിഹായുടെ നാമത്തിൽ നാം വിശ്വസിക്കയും പിതാവ് നമുക്കു കല്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതു തന്നേ.”* 1 യോഹന്നാൻ 3:23

*“തന്റെ നാമത്തിന്റെ മഹത്വം കീർത്തിപ്പിൻ; തന്റെ സ്തുതി മഹത്വീകരിപ്പിൻ.”* സങ്കീർത്തനങ്ങൾ 66:2

© 2007, 2016 യാഹ്‌വെസ് അസംബ്ലി ഇൻ യാഹ്ശുവ
2963 കൗണ്ടി റോഡ് 233, കിംഗ്ഡം സിറ്റി, മിസൂറി 65262.
ഞങ്ങളെ ഓൺലൈനിൽ ഇവിടെ കാണുക: http://www.YAIY.org
ടോൾ ഫ്രീയായി വിളിക്കുക: +1 877 642-4101
പ്രധാന ലൈൻ: +1 573 642-4100